"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെന്റ് & ഇന്നവേഷൻ) വകുപ്പ്- കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ.ഡിസ്ക്)-കേരള നോളജ് ഇക്കണോമി മിഷൻ (കെ.കെ.ഇ.എം.)-വിജ്ഞാന കേരളം പദ്ധതി-കെ-ഡിസ്കിൽ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ 14 താൽക്കാലിക തസ്തികകൾ ഒരു വർഷത്തേയ്ക്ക് സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെന്റ് & ഇന്നവേഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/PLG&EA (DVPMT & INNOVATION)

തീയതി,തിരുവനന്തപുരം, 17-05-2025

---

പരാമർശം:- 1. സ.ഉ.(കൈ)നം.179/2024/LSGD തീയതി, 19.12.2024

2. സ.ഉ.(സാധാ)നം.445/2025/LSGD തീയതി, 12.02.2025

3. കെ-ഡിസ്ക് മെമ്പർ സെക്രട്ടറിയുടെ 03.03.2025-ലെ ശിപാർശ

<u>ഉത്തരവ്</u>

വിജ്ഞാന പത്തനംതിട്ട എന്ന പേരിൽ ആരംഭിച്ച സമഗ്ര തൊഴിൽദാന പൈലറ്റ് പദ്ധതിയുടെ വിജയത്തെ തുടർന്ന് പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമായി കേരള നോളജ് ഇക്കണോമി മിഷന്( കെ കെ ഇ എം)-നു കീഴിൽ വിജ്ഞാന കേരളം എന്ന പേരിൽ വിപുലികരിക്കുവാൻ സർക്കാർ തീരുമാനിച്ചു. കെ.കെ.ഇ.എം.ന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി മാറ്റുവാനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി സംസ്ഥാനവ്യാപകമായി 'വിജ്ഞാനകേരളം' എന്ന പേരിൽ പദ്ധതി വിപുലീകരിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. വിജ്ഞാന കേരളം കർമ്മപദ്ധതിയുടെ പ്രവർത്തനരൂപരേഖ പരാമർശം 1 പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന് വിജ്ഞാനകേരളം സംസ്ഥാന കൗൺസിൽ രൂപീകരിച്ചുകൊണ്ടും സംസ്ഥാനതലത്തിലേയും ജില്ലാതലത്തിലേയും അംഗങ്ങളെ നിശ്ചയിച്ചുകൊണ്ടും പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം എല്ലാ ജില്ലകളിലും ജില്ലാ മിഷൻ കോർഡിനേറ്റർമാരെ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾക്കായി 14 ജില്ലകളിലും

കെ.കെ.ഇ.എം. രൂപം നൽകുന്ന പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന് (പി.എം.യു.) കീഴിൽ ജില്ലാ മിഷൻ കോർഡിനേറ്റർമാരെ നിയമിക്കുന്നതിന്റെ ഭാഗമായി കെ-ഡിസ്കിൽ 14 ജില്ലാ മിഷൻ കോർഡിനേറ്റർ തസ്തികകൾ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ്/കരാർ വ്യവസ്ഥയിൽ താൽക്കാലികമായി ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിലേയ്ക്കായി 14 തസ്തികകൾ കെ-ഡിസ്കിന്റെ പി.എം.യു-ൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്ന് കെ-ഡിസ്ക് മെമ്പർ സെക്രട്ടറി പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജ്ഞാന കേരളം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി കേരള നോളജ് ഇക്കോണമി മിഷൻ രൂപം നൽകുന്ന പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന് (പി.എം.യു) കീഴിൽ 14 ജില്ലാ മിഷൻ കോർഡിനേറ്റർമാരെ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ്/ കരാർ വ്യവസ്ഥയിൽ വിന്യസിക്കുന്നതിന് കെ-ഡിസ്കിന്റെ പി.എം.യു-ൽ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ 14 താൽക്കാലിക തസ്തികകൾ ഒരു വർഷത്തേയ്ക്ക് സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

4.ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ്/ കരാർ വ്യവസ്ഥയിൽ നടത്തുന്ന നിയമനങ്ങൾ നിലവിലെ മാർഗ്ഗനിർദേശങ്ങൾ പ്രകാരമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ.എം.എബ്രഹാം
EX-OFFICIO SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), (ആഡിറ്റ് -I & II), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കെ -ഡിസ്ക്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
പൊതുഭരണ (എസ്.സി) വകുപ്പ് (15.05.2025-ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം നം:2947 )
ആസൂത്രണ സാമ്പത്തിക കാര്യ (എ/ഡി) വകുപ്പ്
ധനകാര്യ (പ്ലാനിംഗ്-ബി/ എക്സ്പെൻഡിച്ചർ/ബജറ്റ് വിംഗ്-ഡി)വകുപ്പ്
വിവര & പൊതുജന സമ്പർക്ക (Web & New Media) വകുപ്പ് (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ ഫയല് നം. DI-A3/9/2025-PLGEA.DVPMT INV, Comp. No.:

3078090 )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്